പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 295 — 10/07/2015-ൽ മറുപടിയ്ക്ക്

## സമഗ്ര നാളികേര വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**,, പി.സി വിഷ്ണുനാഥ്**<br>**,, സണ്ണി ജോസഫ്**<br>**,, തേറമ്പിൽ രാമകൃഷ്ണൻ** | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ക്ലസ്റ്റർ അടിസ്ഥാനത്തിൽ സമഗ്ര നാളികേര വികസനത്തിനായി കേരഗ്രാമം എന്ന പദ്ധതി 2014-15 വർഷം മുതൽ കാസറഗോഡ് ഒഴികെയുളള 13 ജില്ലകളിൽ നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. 2015-16 വർഷവും പദ്ധതി തുടരുന്നുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | ബി) സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം. മഗ്നീഷ്യം സൾഫേറ്റ്, ജൈവ രാസവളങ്ങൾ, ജീവാണു വളം സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നല്കുക, ഇടവിള കൃഷി, രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ ഒരു യൂണിറ്റിന് 125 ലക്ഷം രൂപ ധനസഹായം നല്കുന്നതാണ്. കർഷകർക്ക് തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി |

നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണം വരെ എന്ന ക്രമത്തിൽ നല്കുന്നതിന് 2 ലക്ഷം രൂപ അനുവദിക്കുന്നതാണ്. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ നിരക്കിൽ ഒരു കേര ഗ്രാമത്തിൽ 20 ഹെക്ടറിലേയ്ക്കായി 5 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതാണ്. ഒരു കേരഗ്രാമത്തിൽ ഒരു തെങ്ങിൻ തൈ നഴ്സറി സ്ഥാപിക്കുന്നതിനായി 50,000/- രൂപയുടെ സഹായം ലഭ്യമാക്കുന്നതാണ്. ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി ഒരു കേരഗ്രാമത്തിന് 10 കമ്പോസ്റ്റ് യൂണിറ്റുകൾ വീതം യൂണിറ്റൊന്നിന് 10,000/- രൂപ നിരക്കിൽ പരമാവധി ഒരു ലക്ഷം രൂപ നല്കുന്നതാണ്. പദ്ധതി പ്രവർത്തന ചിലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000/- രൂപ പ്രകാരം 26 കേരഗ്രാമങ്ങൾക്കു 2.6 ലക്ഷവും പഞ്ചായത്ത് തല കേര സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി കേരഗ്രാമം ഒന്നിന് 10 ലക്ഷം രൂപ എന്ന നിരക്കിൽ 26 കേര ഗ്രാമങ്ങൾക്കായി 260 ലക്ഷം രൂപ പ്രകാരവും ധനസഹായം നല്കി പദ്ധതി നടപ്പിലാക്കി വരുന്നു.

സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നവർ ആരെല്ലാമാണെന്ന് വിശദമാക്കുമോ;

സി) കൃഷി വകുപ്പിന്റെ പ്രസ്തുത പദ്ധതിയുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കാർഷിക ഗവേഷണ കേന്ദ്രങ്ങൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി / കാർഷിക കർമ്മ സേന അംഗങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവർ സഹകരിക്കുന്നതാണ്.

| | |
|---|---|
| ഡി) എത്ര ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ? | ഡി) ഒരു കേര ഗ്രാമത്തിന് 500 ഹെക്ടർ എന്ന കണക്കിൽ 26 പഞ്ചായത്തുകളിലായാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചതെങ്കിലും നാളികേര കൃഷി വിസ്തൃതി കുറഞ്ഞ പഞ്ചായത്തുകളിൽ തൊട്ടടുത്ത പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ആകെ 50 പഞ്ചായത്തുകളിലായി പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**